# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :3135** — **11-12-2014-ൽ മറുപടിക്ക്**

**തലശ്ശേരി മണ്ഡലത്തിൽ ചോക്ലിയിൽ സപ്ലൈകോ-യുടെ വിപണന കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കോടിയേരി ബാലകൃഷ്ണൻ** | | **ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | തലശ്ശേരി മണ്ഡലത്തിൽ ചൊക്ലിയിൽ സപ്ലൈകോ-യുടെ വിപണന കേന്ദ്രം ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇതു പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ; | (ബി) | മേൽ വിഷയത്തിൽ സാധ്യതാ പഠന റിപ്പോർട്ടിനായി കോഴിക്കോട് റീജിയണൽ മാനേജർക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ മാവേലി സ്റ്റോർ ആരംഭിയ്ക്കുന്നതിന് ഗ്രാമപഞ്ചായത്ത് കണ്ടെത്തിയ കെട്ടിടത്തിന് ആകെ 288 ച.അടി വിസ്തീർണ്ണം മാത്രമാണ് ഉള്ളത്. സപ്ലൈകോയുടെ മാനദണ്ഡ പ്രകാരം മാവേലി സ്റ്റോർ ആരംഭിയ്ക്കുന്നതിന് 500 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടം അനിവാര്യമാണ്. 500 ച.അടിയുള്ള കെട്ടിടം കണ്ടെത്തി റിപ്പോർട്ട് നൽകുന്നതിന് തലശ്ശേരി ഡിപ്പോ മാനേജർ ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | വിപണന കേന്ദ്രം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (സി) | മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഒരുക്കിത്തരേണ്ട അടിസ്ഥാന സൗകര്യങ്ങൾ, അതായത് 5 വർഷത്തേയ്ക്കുള്ള വാടകരഹിത കെട്ടിടവും (500 ച.അടി വിസ്തീർണ്ണമുള്ളത്) കമ്പ്യൂട്ടറിനും ഫർണിഷിംഗിനുമായി ഒരു ലക്ഷം രൂപയും നൽകുന്ന മുറയ്ക്ക സാധ്യതാപഠന റിപ്പോർട്ടിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ മാവേലി സ്റ്റോർ ആരംഭിയ്ക്കുന്നതാണ്. |

Beena

സെക്ഷൻ ഓഫീസർ